

# 'കേരള പെട്രോൾ' നീരയെ ആർക്കാണ് പേടി?

ടി.എസ് ഗീന

**സംസ്ഥാനത്തെ ഒരു ശതമാനം തെങ്ങുകളിൽ നിന്ന് നീര ഉൽപ്പാദിപ്പിച്ചാൽ 5400 കോടി രൂപയുടെ അധിക വരുമാനം കിട്ടുമെന്ന് വിദഗ്ധർ. എന്നാൽ കൂച്ചുവിലങ്ങുകളോടെ ഈ പദ്ധതി മുന്നേറിയാൽ എന്ന് ഈ വരുമാനം നമുക്ക് കിട്ടും? ഇതും വെള്ളത്തിൽ വരച്ച വരയാകുമോ?**

കേരളത്തിലെ കേര കർഷകർ കാത്തുകാത്തിരുന്ന നീര ഒടുവിൽ ഔപചാരികമായി വിപണിയിലിറങ്ങി. അതോടെ സ്റ്റാർട്ടിംഗ് പോയ്ന്റിൽ വാം അപ്പ് ചെയ്ത് വെടിയൊച്ചയ്ക്ക് കാതോർത്ത് നിന്ന അത്‌ലറ്റുകളെ പോലെ സംസ്ഥാനത്തെ നാളികേര ഉൽപ്പാദക കമ്പനികൾ നീര ഉൽപ്പാദനത്തിനായി അതിവേഗം കുതിക്കുകയാണ്. ഇതിൽ പാലക്കാട്ടെ നാളികേര ഉൽപ്പാദക കമ്പനി കർണാടക ഹോർട്ടികൾച്ചർ വകുപ്പിന്റെ മാംഗ്ലൂരിലെ നീര പ്ലാന്റ് ഏറ്റെടുത്തു കഴിഞ്ഞു. ഇവരുടെ നീര ഏപ്രിലിൽ വിപണിയിലെത്തും. കണ്ണൂർ ചെറുപുഴയിലെ തേജസ്വിനി നാളികേര ഉൽപ്പാദക കമ്പനിയും കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം (അനന്തപുരി നാളികേര ഉൽപ്പാദക കമ്പനി), കൊടുങ്ങല്ലൂർ എന്നിവിടങ്ങളിലെ നാളികേര ഉൽപ്പാദക കമ്പനികൾ നീര പ്ലാന്റ് സ്ഥാപനവും നീര ടെക്നീഷ്യന്മാർക്ക് പരിശീലനം നൽകാനുള്ള പരിപാടികളുമായി മുന്നേറുന്നു.

നാളികേര ഉൽപ്പാദനത്തെ കാര്യമായി ബാധിക്കാത്ത വിധം നീര ഉൽപ്പാദിപ്പിക്കാമെന്നിരിക്കെ കേര കർഷകൻ ഏറെ പ്രതീക്ഷയിലാണ്. സംസ്ഥാനത്ത് 8.20 ലക്ഷം ഹെക്റ്റർ സ്ഥലത്തായി 18 കോടി തെങ്ങുകളുണ്ട്. ഇതിൽ നാലു കോടിയോളം തെങ്ങുകൾ നീരയുൽപ്പാദനത്തിന് അനുയോജ്യമാണെന്നും നീര ഉൽപ്പാദിപ്പിക്കുന്ന ഒരു തെങ്ങിൽ നിന്ന് പ്രതിമാസം കുറഞ്ഞത് 1500 രൂപയെങ്കിലും കർഷകന് ലഭിക്കുമെന്നുമാണ് പഠനങ്ങൾ തെളിയിക്കുന്നത്.

"സംസ്ഥാനത്തെ 10 ശതമാനം തെങ്ങുകളിൽ നിന്ന് നീര ടാപ്പ് ചെയ്ത് ലിറ്ററിന് 100 രൂപയ്ക്ക് വിൽപ്പന നടത്തുന്നുവെന്ന് കണക്കാക്കിയാൽ കേരളത്തിന് ലഭ്യമാകുന്ന പ്രതിവർഷ വരുമാനം 54000 കോടി രൂപയായിരിക്കും. ഇതിൽ 27000 കോടി രൂപ കർഷകനും 13500 കോടി രൂപ നീര ടെക്നീഷ്യന്മാർക്കുമാകും ലഭിക്കുക. ഇതിൽ നിന്ന് സംസ്ഥാനത്തിന് അധിക നികുതി വരുമാനമായി 4050 കോടി രൂപ ലഭിക്കും," കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് ചെയർമാൻ റ്റി.കെ ജോസ് നീരയുടെ സാമ്പത്തികവശം ഇങ്ങനെ വിശദമാക്കുന്നു. കേരളത്തിന്റെ മുഖച്ഛായ തന്നെ മാറ്റാനുതകുന്ന ഈ പദ്ധതി ഇപ്പോൾ ഈ രൂപത്തിലെങ്കിലും ആയതിനു പിന്നിൽ കഠിന പരിശ്രമമാണുള്ളത്. ബോർഡ് നീര ഉൽപ്പാദനത്തിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ട് വർഷം ഒൻപതായി.

## സ്വപ്നപദ്ധതിക്ക് ഒച്ചിന്റെ വേഗം!

അവസരങ്ങളുടെ അക്ഷയഖനിയായ നീര പദ്ധതി അട്ടിമറിക്കപ്പെടേണ്ടത് ആരുടെയെങ്കിലും ആവശ്യമാണോ? പദ്ധതി മുന്നോട്ടുവെക്കുന്ന അവസരങ്ങളും അത് നേടിയെടുക്കാൻ സംസ്ഥാന സർക്കാർ പ്രദർശിപ്പിക്കുന്ന ഉദാസീനതയും കാണുമ്പോൾ ഈ സംശയം തീർച്ചയായും ഉയരും. ഇപ്പോഴത്തെ സാഹചര്യം പരിഗണിക്കുമ്പോൾ നാളികേര വികസന ബോർഡ് ചെയർമാൻ പങ്കുവെക്കുന്ന പ്രതീക്ഷാനിർഭരമായ കണക്കുകൾ ഏട്ടിലൊതുങ്ങാനാണ് സാധ്യത. കർഷകർ പങ്കുവെക്കുന്നതും ഇതേ ആശങ്ക തന്നെയാണ്. "എത്രയോ നാളായി ഞങ്ങൾ നീര ഉൽപ്പാദിപ്പിക്കാനുള്ള ലൈസൻസിനായി ശ്രമിക്കുന്നു. കാത്തുകാത്തിരുന്ന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവും ഞങ്ങളെ നിരാശരാക്കി. ഞങ്ങളെ ദ്രോഹിച്ച് നീര പദ്ധതി തുടക്കത്തിലെ തകർക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിനു പിന്നിൽ ഏതോ ഗൂഢശക്തികൾ പ്രവർത്തിക്കുന്നതായി ഞങ്ങൾക്ക് തോന്നുന്നു. എന്തായാലും പെട്ടെന്ന് ഒരു നീര വിപ്ലവം നടക്കില്ല," കണ്ണൂർ ചെറുപുഴയിലെ തേജസ്വിനി നാളികേര ഉൽപ്പാദക കമ്പനി ചെയർമാൻ സണ്ണി ജോസഫ് പറയുന്നു. നീര ഉത്തരവ് ഇറങ്ങിയ ശേഷം ചില സർക്കാർ വകുപ്പിലെ ഉദ്യോഗസ്ഥർ പോലും നാളികേര ഉൽപ്പാദക സംഘങ്ങളിലെ കർഷകരോട് ഒരുതരം പ്രതികാര ബുദ്ധിയോടെയാണ് പെരുമാറുന്നതെന്ന് അനന്തപുരി നാളികേര ഉൽപ്പാദക കമ്പനി ചെയർമാൻ കൃഷ്ണൻ നായരും പറയുന്നു.

നീര ചെത്താൻ അംഗീകാരം നൽകുന്ന മന്ത്രിസഭാ ഉത്തരവുണ്ടായി അഞ്ചു മാസങ്ങൾക്കു ശേഷമാണ് എക്സൈസ് വകുപ്പ് റൂൾസ് പുറത്തിറക്കുന്നത്. അതും കർഷക സംഘങ്ങളുടെ നിരന്തര സമ്മർദ്ദത്തിന് വഴങ്ങിക്കൊണ്ട്. ഇതിനകം തന്നെ വിദേശരാജ്യങ്ങളിൽ നിന്നുള്ള നീര കേരള വിപണിയിൽ എത്തുകയും ചെയ്തു. നിക്ഷിപ്ത താൽപ്പര്യക്കാരുടെ സമ്മർദ്ദങ്ങൾക്കു വഴങ്ങി അധികൃതർ നീര പദ്ധതി അട്ടിമറിക്കാൻ ശ്രമം നടത്തുകയാണ് എന്നുവരെയുള്ള സംശയങ്ങളുയരുന്നത് ഈ സാഹചര്യത്തിലാണ്.

കേരളത്തിലെ നാളികേര കർഷകരുടെ ദുരിതങ്ങൾക്കു പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ നാളികേര വികസന ബോർഡ് ഉൾപ്പടെയുള്ളവരുടെ നേതൃത്വത്തിലാണ് നീര ഗവേഷണം നടന്നത്. എന്നാൽ നൂറുശതമാനം ലഹരി വിമുക്തമായ ഈ പാനീയത്തിന്റെ ഉൽപ്പാദനത്തിനായി സർക്കാർ ഇറക്കിയ ചട്ടങ്ങൾ തന്നെ കർഷകർക്ക് കൂച്ചുവിലങ്ങിട്ടിരിക്കുകയാണ്.




### നീര ഉൽപ്പാദനം: ഇവിടെയൊക്കെ ഇങ്ങനെ

- 94 നാളികേര ഉൽപ്പാദക രാജ്യങ്ങളിൽ നീര ഉൽപ്പാദിപ്പിക്കാൻ നിയമ തടസമുള്ളത് ഇന്ത്യയിൽ മാത്രം. ബാക്കിയുള്ള 93 രാജ്യങ്ങൾ യഥേഷ്ടം നീര ഉൽപ്പാദിപ്പിക്കുന്നു.
- ഇന്ത്യയിൽ തന്നെ മഹാരാഷ്ട്രയിലും ഗോവയിലും നിയമതടസമില്ല.
- ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, പോണ്ടിച്ചേരി എന്നിവിടങ്ങളിൽ നീര ഉൽപ്പാദനം അബ്കാരി ആക്റ്റിന്റെ പരിധിയിലല്ല.
- കർണാടകയിൽ നീര ഉൽപ്പാദന പ്ലാന്റുകൾ ഹോർട്ടികൾച്ചർ ഡിപ്പാർട്ട്മെന്റിനു കീഴിൽ.
- മഹാരാഷ്ട്ര, ഗോവ എന്നിവിടങ്ങളിൽ നീര ഉൽപ്പാദിപ്പിച്ച് സംസ്കരിച്ച് ശീതളപാനീയവും പാം ഷുഗറുമായി കയറ്റി അയക്കാനുള്ള നാല് പദ്ധതികൾ വന്നു കഴിഞ്ഞു.
- ഇന്തോനേഷ്യയും ഫിലിപ്പീൻസും നീരയുൽപ്പാദിപ്പിച്ച് മൂല്യവർധന നടത്തി കോടിക്കണക്കിന് വിദേശനാണ്യം നേടുന്നു.

**കേരളത്തിലെ 18 കോടി തെങ്ങുകളിലെ ഒരു ശതമാനം നീരയുൽപ്പാദനത്തിന് വിനിയോഗിച്ചാൽ**

**ഒരു ലക്ഷം തൊഴിലവസരങ്ങൾ**

**5400 കോടി**

**രൂപയുടെ അധിക വരുമാനം**

## നീരയും കാണാച്ചരടുകളും!

ഒരു ലൈസൻസിക്ക് പരമാവധി 20 തെങ്ങിൽ നിന്ന് മാത്രമേ നീര ചെത്താവൂ എന്ന് റൂൾസിൽ പറയുന്നു. ഇത് പദ്ധതി അട്ടിമറിക്കാനാണെന്ന വാർത്ത പുറത്തുവന്നതോടെ ലൈസൻസി എന്നതുകൊണ്ട് ചെത്തുകാരനെയാണ് ഉദ്ദേശിക്കുന്നതെന്ന് മന്ത്രി കെ. ബാബു തന്നെ വിശദീകരണക്കുറിപ്പിറക്കി. നീര ഉൽപ്പാദിപ്പിക്കുന്നതിനും അതിന്റെ ഉൽപ്പന്നങ്ങൾ നിർമിക്കുന്നതിനും ലൈസൻസ് നൽകാനുള്ള അധികാരം അതത് എക്സൈസ് ഡിവിഷനുകളിലെ ഡെപ്യൂട്ടി കമ്മിഷണർമാർക്കായിരിക്കും. കേരള സ്റ്റേറ്റ് ബെവറിജസ് കോർപ്പറേഷൻ, നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്ത സൊസൈറ്റികൾ, ജാഗരി മാനുഫാക്ചറേഴ്സ്, നാളികേര വികസന കോർപ്പറേഷൻ തുടങ്ങിയവർക്കും നീര ഉൽപ്പാദനത്തിനും വിതരണത്തിനും അനുമതി നൽകും. "നീര കള്ള് ഷാപ്പിൽ വിൽക്കാൻ പാടില്ലെന്ന് പറയുന്ന റൂൾസിൽ തന്നെ ബെവറിജസ് കോർപ്പറേഷന് അത് സംഭരിക്കാമെന്നും വിൽക്കാമെന്നും പറയുന്നു. ബെവറിജസ് കോർപ്പറേഷന് കർഷകരുമായി എന്ത് ബന്ധം. ഇതെന്തു ന്യായം. ഇതിനു പിന്നിൽ നടക്കുന്നത് വലിയ കളികളാണ്," കൃഷ്ണൻ നായർ പറയുന്നു.

നീരയെ കാർഷിക ഉൽപ്പന്നമായി കാണണമെന്ന നാളികേര വികസന ബോർഡിന്റെയും കർഷകരുടെയും ആവശ്യത്തെ കാറ്റിൽ പറത്തി പുറത്തിറക്കിയിരിക്കുന്ന റൂൾസിൽ ഉടനീളം നീരയെ എക്സൈസ് വകുപ്പിന് കീഴിൽ തന്നെ കൊണ്ടുവരാനുള്ള ശ്രമങ്ങളാണ്.

ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ ചെത്തുകാർക്കാണ് നീര ചെത്താനുള്ള അവകാശം. ഇവർ ഇല്ലെങ്കിൽ മാത്രമേ നീര ടെക്നീഷ്യന്മാരെ പരിഗണിക്കാനാകുകയുള്ളൂ. ഇതിനായി ടെക്നീഷ്യന്മാർ ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കണം. ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നത് അത്ര എളുപ്പമല്ല. പല ജില്ലകളിലും ചെത്തുതൊഴിലാളികൾ നീരയ്ക്ക് എതിരുമാണ്. തൊഴിലാളി യൂണിയനുകളുടെ ശക്തമായ എതിർപ്പിന് കുറവുണ്ടായിട്ടുണ്ട്. പക്ഷേ നീര ടെക്നീഷ്യന്മാരുടെ പരിശീലന സ്ഥലത്തുവരെ എതിർപ്പുമായി ചെത്തുതൊഴിലാളികൾ വരുന്നുണ്ട്. അതുകൊണ്ടു തന്നെ ഈ നിർദേശം കർഷക സൗഹൃദപരമല്ലെന്ന് വ്യക്തം. എക്സൈസ് ഉദ്യോഗസ്ഥർ അടയാളമിട്ട തെങ്ങുകളിൽ നിന്നേ നീര ചെത്താനാവൂ. നീര ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് കൊണ്ടുപോകാനും എക്സൈസ് വകുപ്പിന്റെ അനുമതി വേണം. "എക്സൈസ് ഉദ്യോഗസ്ഥർ അടയാളമിട്ട തെങ്ങിൽ നിന്ന് നീര കിട്ടുമോയെന്ന് ചെത്തി നോക്കിയാലല്ലേ അറിയൂ. ഇനി കിട്ടിയില്ലെങ്കിൽ മറ്റ് തെങ്ങുകളിൽ അടയാളമിടാൻ ഉദ്യോഗസ്ഥരുടെ പിന്നാലെ നടക്കണം. കർഷകരെ ഇങ്ങനെ ദ്രോഹിക്കണോ?," സണ്ണി ജോസഫ് പറയുന്നു.

## കള്ളിന്റെ സാമ്പത്തികവശം; നീരയുടെയും

കള്ള് ചെത്താൻ തെങ്ങ് വിട്ടുനൽകുമ്പോൾ കർഷകന് ലഭിക്കുന്നത് കുലപ്പാട്ടമാണ്. എന്നാൽ നീര ഉൽപ്പാദിപ്പിക്കുമ്പോൾ അതിന്റെ വിലയുടെ 50 ശതമാനം കർഷകന് ലഭിക്കുന്ന വിധമാണ് നാളികേര വികസന ബോർഡ് പദ്ധതി തയാറാക്കിയിരിക്കുന്നത്. "ഒരു ലിറ്റർ നീരയ്ക്ക് 100 രൂപ ലഭിക്കുമ്പോൾ അതിൽ 50 രൂപ കർഷകനും 25 രൂപ നീര ടെക്നീഷ്യനും 25 രൂപ വിപണന ആവശ്യത്തിനുമായി മാറ്റിവെക്കപ്പെടും," റ്റി.കെ ജോസ് പറയുന്നു. എന്നാൽ ദിവസവും ശരാശരി രണ്ട് ലിറ്റർ കള്ള് കിട്ടുന്ന തെങ്ങ് കർഷകന് ഇപ്പോൾ നൽകുന്ന പ്രതിമാസ വരുമാനം 200 രൂപയാണ്! "തെങ്ങ് ചെത്തുമ്പോൾ ചെത്തുകാരന് തെങ്ങിന് 44 രൂപയും അബ്കാരി കോൺട്രാക്റ്റർക്ക് 90 രൂപയും വരുമാനം കിട്ടുമ്പോൾ കർഷകന് ലഭിക്കുന്നത് ആറര രൂപ മാത്രമാണ്. കേര കർഷകന് ഗുണം കിട്ടണമെങ്കിൽ നാളികേര വികസന ബോർഡ് വിഭാവനം ചെയ്യുന്ന നീര പദ്ധതി അതേപടി നടപ്പാക്കപ്പെടണം," ആലപ്പുഴ ജില്ലയിലെ ഒരു കർഷകൻ പറയുന്നു.

### നീര ടെക്നീഷ്യന്മാരുടെ ആവശ്യകത

| തെങ്ങുകളുടെ എണ്ണം | | നീര ടെക്നീഷ്യന്മാരുടെ ആവശ്യകത |
|---|---|---|
| 1% | 18,00,000 | 1,00,000 |
| 5 % | 90,00,000 | 5,00,000 |
| 10% | 1,80,00,000 | 10,00,000 |

കർഷക രക്ഷയും സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനവും ഉറപ്പാക്കുന്ന നീര പദ്ധതിയെ തുരങ്കം വെക്കുന്ന, കർഷകർ സംശയിക്കുന്ന നിഗൂഢ ശക്തികൾ അപ്പോൾ ആരായിരിക്കും?

ചെത്തുതൊഴിലാളികളുടെയും യൂണിയന്റേയും ആശങ്കകൾക്കും അടിസ്ഥാനമില്ലെന്ന് സംസ്ഥാനത്തെ നിലവിലുള്ള സാഹചര്യം വിലയിരുത്തുമ്പോൾ മനസിലാകും. കേരളത്തിൽ കള്ള് ചെത്ത് വ്യവസായ മേഖലയിൽ 29465 രജിസ്ട്രേഡ് തൊഴിലാളികൾ മാത്രമാണ് തൊഴിൽ ചെയ്ത് ഉപജീവന മാർഗം കണ്ടെത്തുന്നത്. കേരളത്തിൽ ആകെയുള്ള തെങ്ങുകളുടെ ഒരു ശതമാനം നീരയുൽപ്പാദനത്തിന് നീക്കി വെച്ചാൽ തന്നെ ഒരു ലക്ഷം നീര ടെക്നീഷ്യന്മാരെ ആവശ്യമായി വരും. "പത്ത് ലക്ഷത്തോളം തൊഴിലാളികൾക്ക് 'ഗ്രീൻ കോളർ ജോലി' സൃഷ്ടിക്കാനുള്ള അവസരമാണ് നീര നൽകുന്നത്. ഒരു നീര ടെക്നീഷ്യന് പ്രതിമാസം 30,000 രൂപ വരെ വേതനം നേടാനാകുമെന്നാണ് ബോർഡിന്റെ കണക്കുകൾ വ്യക്തമാക്കുന്നത്. രണ്ടുവർഷം കൊണ്ട് ഒരു ലക്ഷം നീര ടെക്നീഷ്യന്മാരെ പരിശീലിപ്പിക്കുന്നതിനാണ് ബോർഡ് ലക്ഷ്യമിടുന്നത്," റ്റി.കെ ജോസ് വ്യക്തമാക്കുന്നു.

ഒരു ലിറ്റർ പെട്രോളിനേക്കാൾ വിലയുള്ള, കർഷകർക്കും തൊഴിലാളികൾക്കും പൊതുജനത്തിനും സർക്കാരിനും ഗുണങ്ങൾ മാത്രം സമ്മാനിക്കുന്ന ഒരു കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ ശ്രമിക്കുന്നതിൽ അപാകതയില്ല. പക്ഷേ കർഷകനെ മുൾമുനയിൽ നിർത്തുന്ന വ്യവസ്ഥകൾ എന്തിനാണ് ഇതിൽ നിറച്ചിരിക്കുന്നത്? നീര പ്ലാന്റ് സ്ഥാപിക്കാനും വമ്പൻ കമ്പനികളുമായി മത്സരിച്ച് കേരള നീര മുന്നേറാനും സർക്കാർ പിന്തുണ അനിവാര്യമാണ്.

നീരയുടെ വിപണനോദ്ഘാടന ചടങ്ങിലാണ് പറന്നുയരാതെ പോയ സീ പ്ലെയ്ൻ പദ്ധതിയുടെ പേരിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി 'പദ്ധതി നാണം കെടുത്തുന്നതാവരുത്' എന്ന് പറഞ്ഞത്. കടലാസിൽ എല്ലാം എഴുതി വെച്ചതുകൊണ്ട് സംസ്ഥാനത്ത് വികസനം വരില്ല. കേരളത്തിന്റെ തനത് വിഭവത്തിന് വിപണി കണ്ടെത്താനും അത് മുതലാക്കാനുമുള്ള അവസരവും സർക്കാർ നൽകണം.

ഇതൊന്നും അതിവേഗം, ബഹുദൂരം മുദ്രാവാക്യവുമായി മുന്നേറുന്ന നമ്മുടെ മുഖ്യമന്ത്രിയും എക്സൈസ് മന്ത്രി കെ. ബാബുവും കാണുന്നില്ലേ? അതോ അവർ കണ്ണടയ്ക്കുകയാണോ? ■